8 (3334) മഞ്ചേശ്വരത്തുള്ള ചെക്ക്പോസ്റ്റ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് ഉള്ള ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സർക്കാരിന്റെ അനുവാദത്തോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ചെക്ക്പോസ്റ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതുകൊണ്ട് സർക്കാരിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതിനുശേഷം സർക്കാരിനെ അറിയിച്ചിരുന്നു.

(സി)&(ഡി) താഴെ പറയുന്ന കാരണങ്ങളാൽ ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കുകയുണ്ടായി.

1. മോട്ടോർ വാഹനം, വനം വകുപ്പ്, സെയിൽസ് ടാക്സ് എന്നീ ചെക്ക്പോസ്റ്റുകൾ അടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ പാർക്കിംഗിനുള്ള സ്ഥലം അപര്യാപ്തമായിരുന്നതിനാൽ.

2. നേരത്തേയുള്ള കെട്ടിടം ഇടിഞ്ഞു വീഴാറായ അവസ്ഥയിലായിരുന്നതിനാലും കെട്ടിടം ഉടമ ടി കെട്ടിടത്തിൽ നിന്നും ഒഴിയാൻ ആവശ്യപ്പെട്ടിരുന്നതിനാലും

3. നേരത്തെയുള്ള കെട്ടിടം അതിർത്തിയിൽ നിന്നും 7 കി.മീ. അകലെയാണ് സ്ഥിതി ചെയ്യുന്നത്. 7 കി.മീ. ഉള്ളിൽ പല ഗോഡൗണുകൾ പ്രവർത്തിക്കുന്നതിനാലും അവിടേക്ക് കർണ്ണാടക വാഹനങ്ങളിൽ നിന്നും ചരക്കുകൾ കൊണ്ടിറക്കുന്നതിനാലും സംസ്ഥാനത്തിനു കിട്ടുന്ന നികുതി നഷ്ടപ്പെടാതിരിക്കുവാനുമാണ് അതിർത്തിക്കടുത്ത് ഒരു കിലോമീറ്ററിനുള്ളിൽ മോട്ടോർ വാഹന ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിച്ചത്.

(ഇ)&(എഫ്)ഉണ്ട്. ചെക്ക്പോസ്റ്റ് മാറ്റുന്നതിനുമുൻപ് പ്രതിമാസ വരുമാനം 15.45 ലക്ഷം രൂപയായിരുന്നുവെങ്കിൽ അത് മാറ്റി സ്ഥാപിച്ചതിനുശേഷം വരുമാനം 18.26 ലക്ഷമായി ഉയർന്നു.

LIBRARY ARCHIVES Kerala Legislative Assembly